# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 14/11/ 2019

## എസ്.പി.സി കൊല്ലം സിറ്റി ശിശുദിനാഘോഷം ശിശുപരിചരണ കേന്ദ്രത്തിൽ

സ്റ്റുഡന്റ് പോലീസ് കേഡറ്റ് ജില്ലാ നോഡൽ ഓഫീസും എസ്.എൻ ട്രസ്റ്റ് സ്കൂളിലെ കേഡറ്റുകളും ചേർന്ന് ശിശുദിനം കൊല്ലം ശിശുപരിചരണ കേന്ദ്രത്തിൽ ആഘോഷിച്ചു. കേഡറ്റുകൾ പാട്ടും നൃത്തവുമായി കുട്ടികളുമായി ചേർന്നു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ. മധു ഐ.പിഎസ് കുട്ടികൾക്കായുള്ള ആഹാരങ്ങളും വസ്ത്രങ്ങളും അധികാരികൾക്ക് കൈമാറിയ ശേഷം കേഡറ്റുകൾക്ക് ഇതിലും നല്ലയൊരു ശിശുദിനം ആഘോഷിക്കാനില്ലന്നും നമ്മൾ സൗഭാഗ്യത്തിന്റെ നടുവിൽ ജീവിക്കുമ്പോൾ ഈ ലോകത്ത് ഇങ്ങനെയും ചില മക്കൾ ജീവിക്കുന്നു എന്നും അവർക്കായി ഇനിയും നമുക്ക് ഒരു ദിനം മാറ്റി വയ്ക്കാൻ കഴിയണമെന്നും ഉപദേശിച്ചു. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് സി' ബ്രാഞ്ച് എസ്.പി.സി ജില്ലാ നോഡൽ ആഫീസർ കൂടിയായ ശ്രീ. ജി. സർജ്ജുപ്രസാദ്, കൊല്ലം സിറ്റി അസ്സി. കമ്മീഷണർ ശ്രീ. എ. പ്രദീപ് കുമാർ, അസ്സി.നോഡൽ ആഫീസർ വൈ.സോമരാജ് എസ്.എൻ ട്രസ്റ്റ് എച്ച്.എസ്സ് ഹെഡ്മിസ്ട്രസ്സ് സിപിഒ എസിപിഒ എന്നിവർ പങ്കെടുത്തു.




